പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3395 — 12.12.2014-ൽ മറുപടിക്ക്

## നഗരസഭകളുടെ പദ്ധതികളിൽ കേന്ദ്രസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, എം. പി. വിൻസെന്റ്<br>,, ലൂഡി ലൂയിസ്<br>,, ആർ . സെൽവരാജ് | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി) |
| (എ) നഗരസഭകൾക്ക് പദ്ധതികളിൽ സാങ്കേതിക സഹായം നല്കുന്നതിന് കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) ഇതനുസരിച്ച് നഗരങ്ങളിൽ പദ്ധതി നിർവഹണത്തിൽ എന്തെല്ലാം മാറ്റങ്ങളും തയ്യാറെടുപ്പുകളുമാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br><br>സി) നഗരസഭകളിലെ വികസന പ്രവർത്തനങ്ങളുടെ വേഗം കൂട്ടാനും കാര്യക്ഷമമാക്കാനും പ്രസ്തുത നടപടി എത്രമാത്രം സഹായകമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ; | (ബി) & (സി) കോംപ്രിഹെൻസീവ് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം കേരള എന്ന ഈ പദ്ധതി പ്രകാരം ഇന്റഗ്രേറ്റഡ് സിറ്റി ഡെവലപ്പ്മെന്റ് പ്ലാനുകൾ തയ്യാറാക്കുക; സിറ്റി സാനിറ്റേഷൻ പ്ലാനുകൾ തയ്യാറാ ക്കുക; വികസന പദ്ധതികൾക്കായി തയ്യാറാക്കുന്ന ഡി പി ആറുകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുക; പ്രോജക്ട് മാനേജ്മെന്റ്, പ്രോജക്ട് മോണിറ്ററിംഗ് എന്നിവ കാര്യക്ഷമമാക്കുക; നഗരസഭകളുടെ പൊതുഭരണവും, സർവ്വീസ് ഡെലിവറിയും, വരുമാന വർദ്ധനവും, ധനകാര്യമാനേജ്മെന്റും, കാര്യക്ഷമമാക്കുന്നതിനുള്ള രൂപരേഖകൾ തയ്യാറാക്കുകയും, ഇതിനാവശ്യമായ പരിശീലനം നഗരസഭാ ജീവനക്കാർക്കും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും നൽകുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ നഗരസഭകളുടെ പ്രവർത്തന വേഗം കൂട്ടുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഈ പ്രവർത്തനങ്ങളിലൂടെ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| ഡി) കേന്ദ്ര സഹായം ഫലപ്രദമായി വിനിയോഗിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | ഡി) പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് സംസ്ഥാന നഗരവികസന സെക്രട്ടറി ചെയർമാനായുള്ള ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയെ ഈ പദ്ധതിയുടെ സംസ്ഥാനതല നോഡൽ ആഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ 14 ജില്ലകളിലേയും തെരഞ്ഞെടുക്കപ്പെട്ട ഒരു നഗരസഭയിൽ ജില്ലാതല റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലുകളും ഇവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ഒരു സംസ്ഥാനതല റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലും രൂപീകരിക്കുകയും ഓരോ റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലിലും 6 വീതം വിദഗ്ദ്ധരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ നഗരസഭയിലെ ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും പരിശീലന പരിപാടികൾ സംഘടിപ്പിക്കാനായി ഒരു അർബൻ മാനേജ്മെന്റ് സെല്ലും ഐ എം ജി ആസ്ഥാനമായി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ